ഉത്തരം

(എ&ബി) പെരിയാർ തീരത്തെ പുരാവസ്തു പ്രാധാന്യമുള്ള വസ്തുക്കളും പ്രദേശങ്ങളും വനത്തിനുള്ളിലായതിനാൽ ഇവയുടെ സംരക്ഷണത്തിന് വനം, റവന്യൂ, തദ്ദേശസ്വയംഭരണം, വിനോദ സഞ്ചാര വകുപ്പുകളുടെ സഹകരണം ആവശ്യമാണ്. ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ പെരിയാർ തീരത്തെ പുരാവസ്തുക്കൾ സംരക്ഷിക്കുന്നതിനായി വിശദമായ നിർദ്ദേശം സമർപ്പിക്കുന്നതിന് പുരാവസ്തു വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇതിന്റെ സംരക്ഷണത്തിനുള്ള പ്രാരംഭ നടപടിയായി റവന്യൂ വിശദവിവരം, സ്കെച്ച്, പ്ലാൻ, സർവ്വേ നമ്പർ എന്നിവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ലളിതകലാ അക്കാദമിയുടെ നിയന്ത്രണത്തിൽ ആർട്ട് ഗ്യാലറി

96 (1532) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലളിതകലാ അക്കാദമിയുടെ നിയന്ത്രണത്തിൽ അടൂരിൽ ഒരു ആർട്ട് ഗ്യാലറി സ്ഥാപിക്കുന്നതിന് നടപടിയുണ്ടാകുമോ ;

(ബി) ആർട്ട് ഗ്യാലറി സ്ഥാപിക്കുന്നതിന് നിലവിൽ വേണ്ടുന്നതായ ആവശ്യമായ ഘടകങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) ഇത്തരത്തിൽ ലളിതകലാ അക്കാദമിയുടെ ആർട്ട് ഗ്യാലറികൾ എത്രയെണ്ണം പ്രവർത്തിച്ചു വരുന്നുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ആർട്ട് ഗ്യാലറി തുടങ്ങുന്നതിനുവേണ്ടി കുറഞ്ഞത് 1000 ചതുരശ്ര അടിയെങ്കിലും വിസ്തീർണ്ണമുള്ള ഹാളും ഓഫീസ് സൗകര്യങ്ങളുള്ള ഉറപ്പുള്ള ഒരു കെട്ടിടവും ഗ്യാലറിക്ക് അനുയോജ്യമായി ഭിത്തികളിലും ഫ്ലോറിലും പെയിന്റിംഗ്, ചിത്രങ്ങൾ സൂക്ഷിക്കുന്നതിനാവശ്യമായ സ്റ്റോർ സൗകര്യം, ഗ്യാലറി ലൈറ്റുകൾ ചിത്രങ്ങൾ തൂക്കിയിടുന്നതിന് അലൂമിനിയം റീപ്പറുകൾ, കലാസൃഷ്ടികൾ ഫംഗസും പൂപ്പലും പൊടിയും പിടിച്ച് കേടുപാടുകൾ സംഭവിക്കാതിരിക്കുന്നതിനുള്ള പ്രത്യേക ക്ലീനിംഗ് സൗകര്യങ്ങൾ എന്നിവയാണ് നിലവിൽ വേണ്ടതായ ആവശ്യമായ ഘടകങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആകെ 17 ആർട്ട് ഗ്യാലറികളുണ്ട്. തിരുവനന്തപുരം-2, ആലപ്പുഴ-2, കോട്ടയം-2, എറണാകുളം-3, തൃശ്ശൂർ-2, പാലക്കാട്-1, മലപ്പുറം-1, കോഴിക്കോട്-1, കണ്ണൂർ-1, വയനാട്-1, കാസർഗോഡ്-1 എന്നിങ്ങനെയാണ് ആർട്ട് ഗ്യാലറികൾ പ്രവർത്തിച്ചു വരുന്നത്.

കേരള കലാമണ്ഡലം

97 (1533) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കലാമണ്ഡലം പഠനക്കളരികൾ നടത്തുന്നത് യു.ജി.സി. ചട്ടങ്ങൾക്ക് വിധേയമായിട്ടാണോ ;

(ബി) ഏതെല്ലാം ജില്ലകളിൽ ഇത്തരം ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുവെന്ന് വ്യക്തമാക്കുമോ ;

(സി) പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ വേതന-സേവന വ്യവസ്ഥകൾ വ്യക്തമാക്കാമോ ;

(ഡി) പഠിപ്പിക്കുന്ന കോഴ്സുകൾ, ഫീസ് എന്നിവ വിശദമാക്കാമോ ?

ഉത്തരം

(എ) കേരള കലാമണ്ഡലം നേരിട്ടു നടത്തുന്നതാണ് കലാസ്വാദന പഠനക്കളരികൾ, യു.ജി.സി. നിബന്ധനകൾ അനുസരിച്ചുള്ള ബിരുദ കോഴ്സുകളല്ലാത്തതിനാൽ കലാമണ്ഡലത്തിന്റെ ഓഫ് ക്യാമ്പസ്സുകളല്ല ഇവ. ആയതിനാൽ കലാസ്വാദന പഠനക്കളരികൾ നടത്തുന്നത് യു.ജി.സി. ചട്ടങ്ങൾക്ക് വിരുദ്ധമല്ല.

(ബി) തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം

(സി) താൽക്കാലിക വ്യവസ്ഥയിൽ പ്രതിമാസം 12,000 രൂപ വേതനം നൽകുന്നു.

(ഡി) കഥകളി, ചെണ്ട, കർണ്ണാടക സംഗീതം എന്നീ കോഴ്സുകളാണ് പഠിപ്പിക്കുന്നത്.

കഥകളി & ചെണ്ട	:	750 രൂപ പ്രതിമാസം.
കർണ്ണാടക സംഗീതം	:	10,000 രൂപ വാർഷിക ഫീസ്.

LIBRARY ARCHIVES Kerala Legislative Assembly